**2005ൽ നിലവിൽ വന്ന വിവരാവകാശ നിയമം ഏഴ് വർഷം പിന്നിടുകയാണ്. വിവരാവകാശ നിയമത്തിന്റെ ചരിത്ര പ്രസക്തി ജനാധിപത്യ ഇന്ത്യയിൽ അനുദിനം ഏറിവരുകയാണെങ്കിലും നിയമം നിരവധി പോരായ്മകളെയും വെല്ലുവിളികളെയും തുടർച്ചയായി നേരിടുന്നുണ്ട്. നിയമം അട്ടിമറിക്കാൻ വേണ്ടി ഉൾക്കൊള്ളിച്ചതാണോ എന്നുപോലും സംശയിക്കപ്പെടേണ്ട അത്തരം വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിശദമാക്കുന്നു വിവരാവകാശ ആക്ടിവിസ്റ്റായ**

**പി.എം. രവീന്ദ്രൻ**

## ഏഴ് വർഷം പിന്നിടുന്ന വിവരാവകാശ നിയമം

# അട്ടിമറികൾ തുടരുന്നു

**ജനാധിപത്യത്തിൻെറ** അന്തസത്തയും സുതാര്യതയും ഉറപ്പു നൽകുന്ന ഇന്ത്യയിലെ ഒരേയൊരു നിയമം എന്ന് 2005ൽ നിലവിൽ വന്ന വിവരാവകാശ നിയമത്തെ വിളിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. സ്വാതന്ത്ര്യം കിട്ടി എന്നു വിശ്വസിക്കപ്പെടുന്ന 1947ൽ തന്നെ നിർമ്മിക്കപ്പെടേതായിരുന്നു ഇത്. ഇത്ര വൈകിയിട്ടും ജനാധിപത്യ സങ്കൽപ്പം പൂർണാർത്ഥത്തിൽ ഉൾക്കൊള്ളുന്ന നിയമം എന്ന നിലയിൽ വിവരാവകാശ നിയമത്തിന് അനുദിനം പ്രസക്തി ഏറുകയാണ്. എന്നാൽ, ലഘുവും സുതാര്യവുമായ ഈ നിയമം പോലും തീർത്തും അട്ടിമറിക്കപ്പെട്ട നിലയിലാണ് ഇന്ന് നിലവിലുള്ളത്. ലഘുവും സുതാര്യവുമാണെന്ന് അംഗീകരിക്കുമ്പോഴും ഇതിലെ പോരായ്മകളെ കണ്ടില്ലെന്ന് നടിക്കരുത്. പ്രത്യേകിച്ച് ഈ പോരായ്മകൾ നിയമത്തെ അട്ടിമറിക്കാൻ വേണ്ടി ഉൾക്കൊള്ളിച്ചതാണോ എന്ന സംശയം പ്രബലമാവുന്ന ഈ ഘട്ടത്തിൽ.

### എന്താണ് വിവരാവകാശ നിയമത്തിൻെറ പോരായ്മകൾ:

**യുക്താധികാരിയുടെ നിർവചനവും അധികാരവും**

ഏറ്റവും പ്രധാനം സെ. 2 (e) യിലെ യുക്താധികാരിയുടെ നിർവ്വചനവും സെ. 28(2)(4) പ്രകാരം യുക്താധികാരി യുടെ അധികാരവുമാണ്.

2 (e) യുക്താധികാരി എന്നാൽ


1. ലോക് സഭയിലും നിയമ സഭയിലും സഭകൾ നിലവിലുള്ള കേന്ദ്ര ഭരണ പ്രദേശത്തും സ്പീക്കർ., രാജ്യസഭയിലും സംസ്ഥാന അധോമണ്ഡലങ്ങളിലും ചെയർമാൻ.
2. സുപ്രീം കോടതിയുടെ കാര്യത്തിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്.
3. ഹൈകോടതികളുടെ കാര്യത്തിൽ ഹൈ കോടതി ചീഫ് ജസ്റ്റിസ്.
4. ഭരണഘടനയിലോ അതിനു കീഴിലോ സ്ഥാപിതമായ മറ്റ് അധികാരികളെ സംബന്ധിച്ച് പ്രസിഡന്റോ ഗവർണറോ.

5. ഭരണഘടനയുടെ 239 ാം അനുഛേദ പ്രകാരം നിയമിക്കപ്പെട്ട ഭരണാധികാരി
28. യുക്താധികാരിയുടെ അധികാരം
1. ഔദ്യോഗിക വിജ്ഞാപനം വഴി യുക്താധികാരിക്ക് ഈ നിയമത്തിലെ വകുപ്പുകൾ നടപ്പിലിക്കുന്നതിനായി ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.
2. മുൻ വിവരിച്ച പൊതു അധികാരത്തിന് വിഘാതമാകാതെ പ്രത്യേകമായി താഴെ പറയുന്ന കാര്യങ്ങൾക്ക് ചട്ടങ്ങളുാക്കാം.
എ) നാലാം വകുപ്പിന്റെ നാലാം ഉപവകുപ്പ് പ്രകാരമുള്ള പ്രചാരണത്തിനുപയോഗിക്കുന്ന വസ്തുക്കളുടെ വില, മാധ്യമച്ചെലവ് അല്ലെങ്കിൽ അച്ചടിച്ചെലവ്.
ബി) ആറാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം അടയ്ക്കേ ഫീസ്.
സി) ഏഴാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം അടയ്ക്കേ ഫീസ്.
ഡി) ആവശ്യമുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യങ്ങൾ.

## ഇതിലുള്ള പോരായ്മകൾ?

(എ) അപേക്ഷയോടൊപ്പം നൽകേ ഫീസും, വിവരത്തിനായി നൽകേ ഫീസും കോടതികൾ കുത്തനെ കൂട്ടി. ഉദാഹരണത്തിന് ഡൽഹി ഹൈക്കോടതി അപേക്ഷയോടൊപ്പം നൽകേണ്ട ഫീസ് 500 രൂപയായാണ് നിശ്ചയിച്ചത്. പിന്നീട് ഇത് കുറച്ചപ്പോഴും 50 രൂപയായിത്തുടരുന്നു. മറ്റു പൊതു അധികാരികൾ ഈ ഇനത്തിൽ ഈടാക്കുന്നത് വെറും 10 രൂപ മാത്രമാണ്. (പത്തു രൂപ വളരെ കുറഞ്ഞ ഫീസാണെന്ന അഭിപ്രായക്കാരോട് ഒരു വാക്ക്: ഉദ്ബോധിപ്പിക്കപ്പെട്ട ഒരു പൗരാവലിയും വിജ്ഞാന സുതാര്യതയും ജനാധിപത്യത്തിൽ, അതിന്റെ പ്രവർത്തനക്ഷമതക്ക് മർമ്മപ്രധാനമാകുന്നതിനാൽ ആവശ്യമാണ് എന്നാണ് ഈ നിയമത്തിൻെറ മുഖവുരയിൽതന്നെ പറഞ്ഞിരിക്കുന്നത്. മാത്രമല്ല എല്ലാ വിവരങ്ങളും ക്രമേണ സ്വമേധാ വെളിപ്പെടുത്തിക്കൊ് അപേക്ഷകളുടെ ആവശ്യം കുറക്കണമെന്നും നിയമത്തിൽ എടുത്തു പറഞ്ഞിട്ട്. അതായത് പൗരൻമാർക്ക് യഥാർത്ഥത്തിൽ വെറുതേ കിട്ടേ വിവരത്തിനാണ് അപേക്ഷാ ഫീസായും വിവരത്തിനുള്ള വിലയായും ഈ തുകയെല്ലാം നൽകുന്നത് എന്ന് മനസിലാക്കേതാണ്.)
(ബി) അതുപോലെ വിവരം ലഭിക്കുന്നതിനുള്ള ഫീസും മറ്റു പൊതു അധികാരികൾ എ ഫോർ സൈസിലുള്ള പേജിന് 2 രൂപ ആക്കി നിജപ്പെടുത്തിയപ്പോൾ കോടതികൾ ഇതേ പേജിന് 5 രൂപയാണ് ഈടാക്കുന്നത്.
(സി) ഇതിനെല്ലാം പുറമെയാണ് ഒന്നാമത്തെ അപ്പീലിന് 50 രൂപ മുതൽ ഫീസ് ഈടാക്കുന്ന കോടതികളുടെ നടപടി. യഥാർത്ഥത്തിൽ ഒന്നാമത്തെ അപ്പീൽ ഒരോ പൊതു അധികാരിക്കും അവരുടെ പബ്ലിക് ഇൻഫാർമേഷൻ ഓഫീസർ ചെയ്ത തെറ്റ് തിരുത്തുന്നതിനായി നൽകിയിട്ടുള്ള ഒരു സൗജന്യ അവസരം മാത്രമാണ്. അതിനും അപക്ഷകൻ ഫീസ് നൽകണമെന്ന് തീരുമാനിച്ച ഉന്നത കോടതികളുടെ യുക്താധികാരികളുടെ നീതി-ന്യായ ബോധം ചോദ്യം ചെയ്യപ്പെടേതാണ്.

ഇതേ വകുപ്പുകൾ ദുരുപയോഗം ചെയ്ത് കാശുാക്കാനാണ് കേരള സർക്കാറും ശ്രമിച്ചത്. (പക്ഷെ കോടതികൾ നൽകിയ പാഠമുൾക്കൊണ്ടാണ് അത്തരം ഒരു നികൃഷ്ട പ്രവൃത്തി ഇവർ ചെയ്തത് എന്ന് വിശ്വസിക്കാൻ വകയു്. കാരണം ഈ ദുരുപയോഗം നടപ്പാക്കിയത് നിയമം പ്രാബല്യത്തിൽ വന്ന് രു വർഷങ്ങൾക്ക് ശേഷമാണ്.) 2007ൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയായിരുന്നു സർക്കാർ. മറ്റുവില നിശ്ചയിച്ചിട്ടില്ലെങ്കിൽ ഇപ്രകാരമായിരിക്കും വില എന്നായിരുന്നു ഭേദഗതി. അതോടെ രണ്ട് രൂപക്ക് കിട്ടേണ്ട എ ഫോർ സെസ് പേപ്പറിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിക്ക് 200 രൂപ വരെ ഉദ്യോഗസ്ഥർ ആവശ്യപ്പെടാൻ തുടങ്ങി, ആ പേപ്പറിലെ സ്കെച്ചിന് അത്രയുമാണ് വില നിശ്ചയിച്ചത് എന്നാണ് ദുർവ്യാഖ്യാനം. അതുപോലെ കമ്പ്യൂട്ടറിൽ നിന്ന് 50 രൂപക്ക് ഒരു സി.ഡിയിൽ തരേ വിവരത്തിന് 500 രൂപ വരെ ഈടാക്കാനും ഈ ഭേദഗതി വഴിയൊരുക്കി.



## അനുഭവങ്ങൾ പറയുന്നത്

അടുത്തതായി ശ്രദ്ധിക്കേത് വിവരാവകാശ നിയമത്തിന്റെ 12(3) ഉം, 15(3) ഉം വകുപ്പുകളാണ്. ഈ വകുപ്പുകൾ പ്രകാരം പ്രധാനമന്ത്രി , മുഖ്യമന്ത്രി, കാബിനറ്റിലെ മറ്റൊരു മന്ത്രി , പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന ഒരു മൂന്നംഗ സമിതി നിർദ്ദേശിക്കുന്നവരെയാണ് വിവരാവകാശ കമ്മീഷണർമാരായി നിയമിക്കേത്. നിലവിൽ ഈ ഘടനപ്രകാരം പ്രതിപക്ഷ നേതാവ് എപ്പോഴും നോക്കുകുത്തിയാക്കിയായിരിക്കും.

ഇത്തരം ഒരു സമിതി മുഖ്യവിജിലൻസ് കമ്മീഷണറായി നിയമിച്ച തോമസിന് ഞഷ അഴിമതി പുറത്തുവന്നപ്പോൾ സുപ്രീം കോടതി ഉത്തരവിനെതുടർന്ന് രാജി വെക്കേണ്ടി വരികയായിരുന്നു. അപ്പോഴും കോടതി ഈ സമിതിയുടെ തീരുമാനം ഐകകണ്ഠേന ആയിരിക്കണമെന്ന് നിർദ്ദേശിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

വിവരാവകാശ കമ്മീഷണർമാരായി നിയമിക്കപ്പെടുന്നവർ രാഷ്ട്രീയ പാർട്ടികളുടെ ഔദ്യോഗിക പദവി വഹിക്കുന്നവരാകാൻ പാടില്ല എന്നാണ് ചട്ടം. എന്നാൽ, ഒരു സുപ്രഭാതത്തിൽ പാർട്ടിയിലെ ഔദ്യോഗിക പദവി രാജിവെച്ച് വിവരാവകാശ കമ്മീഷണർ ആയി സ്ഥാനമേൽക്കുന്ന കാഴ്ച മലയാളികൾക്ക് അപരിചിതമല്ല. നിയമത്തിന്റെ വാക്കുകൾ മാത്രമല്ല അതിന്റെ ഉദ്ദേശ്യശുദ്ധിയും എപ്പോഴും പ്രസക്തമാണ് എന്നതാണ് ഇത് ഓർമ്മിപ്പിക്കുന്നത്.

മുൻ ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരെ വിവരാവകാശ കമ്മീഷണർമാരായി നിയമിക്കുന്നതിന്ന് നിയമം തടസ്സമല്ല. എന്നാൽ, ഇത് ഔചിത്യപൂർണ്ണമാകില്ല. അത്തരം നിയമനങ്ങളാണ് ഈ നിയമത്തെ മൃതപ്രായമാക്കിയിരിക്കുന്നതെന്നതിന് ഇപ്പോൾ അനുഭവങ്ങളേറെയുണ്ട്.

കോടതിയിലെ ഒരനുഭവം വിവരിക്കാം. ഒരു അഭിഭാഷകനും ബന്ധുവായ ജഡ്ജിയുടെ മുന്നിൽ കേസുമായി ഹാജരാകരുതെന്നാണ് നിയമം. ഇതിന്റെ പരിമിതികൾ മനസിലാക്കിയും യാഥാർത്ഥ്യബോധം ഉൾക്കൊും പ

ഞ്ചാബ്ഫ ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ബി.കെ. റോയ് ഒരു അഡ്മിനിസ്ട്രേറ്റിവ് ഓർഡർ ഇറക്കി. ആ കോടതിയിലെ ജഡ്ജിമാരുടെ ബന്ധുക്കളായ അഭിഭാഷകർ അതാത് ജഡ്ജിമാരുടെ കോടതകളിൽ കേസിനായി ഹാജരാകരുതെന്ന്. എന്നാൽ,ഉത്തരവിറങ്ങി ഒരുമാസത്തിനകം സുപ്രീം കോടതി അദ്ദേഹത്തെ സ്ഥലം മാറ്റി.

### വിവരാവകാശ കമീഷണർമാർ

ഇനി നമുക്ക് വിവരാവകാശ നിയമത്തിന്റെ 13(5)(എ), (ബി), 16(5)(എ), (ബി) വകുപ്പുകൾ ശ്രദ്ധിക്കാം. ഈ വകുപ്പുകൾ പ്രകാരം വിവരാവകാശ കമ്മീഷണർമാർ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, തിരഞ്ഞെടുപ്പ് കമ്മീഷണർ, സംസ്ഥാന ചീഫ് സെക്രട്ടറി എന്നിവരുടെ തുല്യപദവിയുള്ള ആളാണ്. എന്നാൽ, യഥാർത്ഥത്തിൽ ഇവരുടെ ജോലി ഒരു മുൻസിഫിന്റെ ജോലിയേക്കാൾ എളുപ്പമാണ്. ഇത് മറ്റൊരു സാധ്യതയാണ് ഉദ്യോഗസ്ഥരുടെ മുന്നിൽ തുറന്നിട്ടത്. റിട്ടയർ ചെയ്യുന്ന ഐ എ എസ്, ഐ പി എസ് ഉദ്യോഗസ്ഥർക്ക് വീും ഒരഞ്ചുകൊല്ലം കൂടി ആർഭാടപൂർവ്വം ജീവിക്കാനുള്ള ഒരുലാവണം എന്ന സാധ്യത. അനർഹമായ പദവി നൽകി നികുതിപ്പണത്തിന്റെ ചിലവ് കൂട്ടുക എന്നതിനേക്കാൾ മാരകമാണ് ഈ സാധ്യത.

ഒറ്റക്ക് നിൽക്കാൻ പ്രാപ്തിയുള്ള നിയമമാണ് വിവരാവകാശ നിയമം. ഇതിന്ന് വിപരീതമായി മറ്റെന്തു നിയമമുങ്കെിലും ഈ നിയമമാണ് നിലനിൽക്കുക. അതിനാൽ, ഈ നിയമത്തിന്റെ 31 വകുപ്പുകളിൽ ഒതുങ്ങുന്നു വിവരാവകാശ കമ്മീഷണർമാരുടെ പ്രവൃത്തി മണ്ഡലം. ഈ മണ്ഡലത്തിൽ പ്രവർത്തിക്കേതും വളരെ പരിമിതമായ രീതിയിലാണ്. വെറും 3 ചോദ്യങ്ങൾക്ക് ഉത്തരം തേടുക മാത്രമെ ഇവർ ചെയ്യേതുള്ളു.

### ആ ചോദ്യങ്ങൾ:

ചോദ്യം 1. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ പാടില്ലാത്തതാണോ? അതായത് വിവരാവകാശ നിയമത്തിന്റെ 8,9 വകുപ്പുകൾ പ്രകാരം നിഷേധിക്കപ്പെട്ടവയാണോ അല്ലയോ?

ചോദ്യം 2. ആവശ്യപ്പെട്ട വിവരം പ്രസ്തുത പൊതു അധികാരിയുടെ ഓഫീസിലുള്ളതാണോ അല്ലയോ ? (ഇല്ലെങ്കിൽ അത് ബന്ധപ്പെട്ട പൊതുഅധികാരിക്ക് അയച്ചു കൊടുക്കേതാണ്, അപേക്ഷ സ്വീകരിക്കാതിരിക്കാൻ കഴിയില്ല. ഉണ്ടാവേണ്ട വിവരം ഇല്ലെങ്കിൽ അതിനും നിയമപരമായ സാധുതയുണ്ടാവണം.)

ചോദ്യം 3. ഉള്ള വിവരം യഥാസമയം നൽകിയിട്ടുണ്ടോ ഇല്ലയോ? ഇത് അപേക്ഷ സമർപ്പിച്ച തിയ്യതിയും അതിന് മറുപടി നൽകിയ തിയ്യതിയും മാത്രം നോക്കിയാൽ മനസിലാക്കാവുന്നതാണ്. ഇല്ലെങ്കിൽ അതിനും നിയമപരമായി സാധുതയുള്ള കാരണമുണ്ടാവണം.

ഈ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ, നൽകേ വിവരം സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലെങ്കിൽ പിന്നെ കമീഷണർക്ക് ചെയ്യാനുള്ളത് രണ്ട് കാര്യങ്ങളാണ്.

ഒന്ന്, ആവശ്യപ്പെട്ട വിവരം നൽകാൻ ഉത്തരവ് നൽകുക. ഇതിൽ അപേക്ഷകന് നഷ്ടപരിഹാരം നൽകാനുള്ള ഉത്തരവും ചേർക്കേണ്ടതാണ്.

രണ്ട്, കാലതാമസത്തിന് നിയമപ്രകാരം പിഴചുമത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് നിശ്ചിത സമയത്തിനകം ബോധ്യപ്പെടുത്തണമെന്ന് കാണിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുക. മറുപടി നിയമപരമായി തൃപ്തികരമല്ലെങ്കിൽ നിയമപ്രകാരമുള്ള പിഴ ഈടാക്കാൻ ഉത്തരവ് നൽകുക. അർത്ഥശങ്കയില്ലാത്തവിധം വ്യക്തമാണ് ഇക്കാര്യങ്ങൾ. എന്നിട്ടും ഇന്നേവരെ നടപ്പാക്കാത്ത ചില വകുപ്പുകൾ ശ്രദ്ധിക്കാം.

### ഏട്ടിലെ പശുവും പൊതു അധികാരിയും

മുൻ ചീഫ്ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ ഉൾപ്പെട്ട, ജഡ്ജിമാരുടെ സ്വത്തുവിവരവുമായി ബന്ധപ്പെട്ട കേസ് നോക്കുക. എല്ലാ വർഷവും സ്വത്തു വിവരം രേഖാമൂലം ചീഫ് ജസ്റ്റിസിനെ അറിയിക്കുമെന്ന് 1990 കളിലാണ് സുപ്രീം കോടതി ജഡ്ജിമാർ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ, എല്ലാ ജഡ്ജിമാരും രേഖാമൂലം സ്വത്തുവിവരം അറിയിച്ചിട്ടുണ്ടോ എന്ന് ഡൽഹിയിലെ സുബാഷ് അഗർവാൾ എന്ന വിവരാവകാശ പ്രവർത്തകൻ നിയമപ്രകാരം ആവശ്യപ്പെട്ടു. എന്നാൽ, വിവരങ്ങൾചീഫ് ജസ്റ്റിസിന്റെ കൈവശമാണുള്ളതെന്നും ആവശ്യപ്പെട്ട വിവരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ് സുപ്രീം കോടതിയിലെ പബ്ലിക് ഇൻഫാർമേഷൻ ഓഫീസർ അറിയിച്ചത്. വിവരാവകാശ നിയമം ഇക്കാര്യത്തിലും വ്യക്തമാണ്. ഈ നിയമത്തിന്റെ 5(4), 5(5) വകുപ്പുകൾ പ്രകാരം ചീഫ് ജസ്റ്റിസ് തന്നെ പബ്ലിക് ഇൻഫാർമേഷൻ ഓഫീസർ ആയി കണക്കാക്കപ്പെടും. എന്നാൽ, കേസ് കേന്ദ്ര വിവരാവകാശ കമ്മീഷനിൽ എത്തിയപ്പോൾ സുപ്രീം കോടതി വാദിച്ചത് ചീഫ് ജസ്റ്റിസ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ലെന്നാണ്.

വിവരാവകാശ നിയമത്തിന്റെ 2 (h) വകുപ്പ് പൊതു അധികാരിയുടെ നിർവചനം നൽകിയിട്ടുണ്ട്. അത് ഇപ്രകാരമാണ്: പൊതു അധികാരി എന്നാൽ ഭരണഘടനയിലോ അതിന്റെ കീഴിലോ പാർലിമെന്റ് നിർമ്മിച്ച ഏതെങ്കിലും നിയമത്തിലോ സംസ്ഥാന നിയമനിർമ്മാണ സഭയുടെ ഏതെങ്കിലും നിയമം വഴിയോ ബന്ധപ്പെട്ട സർക്കാർ പുറത്തിറക്കിയ ഉത്തരവിലോ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ, രൂപീകരിക്കപ്പെട്ടതോ ആയ സ്വയംഭരണമുള്ള അധികാരിയോ, ബോഡിയോ, ഇൻസ്റ്റിറ്റ്യൂഷനോ ആണ്. പ്രത്യക്ഷമായോ, പരോക്ഷമായോ, സർക്കാറിന്റെ ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നതോ, സർക്കാർ നിയന്ത്രണത്തിലോ, ഉടമസ്ഥതയിലോ ഉള്ളതോ ആയ ബോഡി, ധനസഹായം ലഭിക്കുന്ന സർക്കാരിതര സംഘടനകൾ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

ഈ നിർവ്വചന പ്രകാരം ആർക്കാണ് പറയാനാവുക, ചീഫ് ജസ്റ്റിസ് ഒരു പൊതു അധികാരി അല്ലെന്ന്. വിവരം നൽകാത്തതിന് കെ.ജി. ബാലകൃഷ്ണന് നിയമാനുസൃതം 25000 രൂപ പിഴ വിധിക്കേണ്ട വിവരാവകാശ കമ്മീഷണർമാർ (അതെ, ഒരു വിവരാവകാശ കമ്മീഷണർക്ക് എടുക്കാവുന്ന തീരുമാനമായിരുന്നെങ്കിലും അഞ്ചംഗ കമ്മീഷണർമാരുടെ ഒരു ബെഞ്ചാണ് ഈ അപ്പീലിൽ തീരുമാനമെടുത്തത്.) അപ്രകാരം പിഴ ചുമത്തിയില്ലെങ്കിലും വിവരം നൽകാൻ ഉത്തരവിട്ടു എന്നത് സ്വാഗതാർഹമായ നടപടിയാണ്. പക്ഷെ അവിടെയും അവസാനിച്ചില്ല പരമോന്നത കോടതിയുടെ നിയമാവഹേളനം. വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ നടപടികളിലും അന്തിമതീരുമാനം വിവരാവകാശ കമ്മീഷണർമാരുടേതാണ്. നിയമ പ്രകാരം പൊതു അധികാരികൾക്ക് കോടതിയിൽപോകാനുള്ള അവസരം ഒന്നേയുള്ളു, പിഴ വിധിക്കും മുൻപ് പബ്ലിക് ഇൻഫാർ

മേഷൻ ഓഫീസർക്ക് സ്വന്തം ഭാഗം വിശദീകരിക്കാനുള്ള അവസരം നൽകിയില്ലെങ്കിൽ മാത്രം.

ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കാം ഒരു രാജ്യത്തെ പരമോന്നത കോടതി കീഴ്ക്കോടതിയിൽ അപ്പീലുമായി പോകുന്നത്. പക്ഷെ, ഡൽഹി ഹൈക്കോടതിയിലും ആദ്യം സിംഗിൾ ജഡ്ജും പിന്നീട് ഡിവിഷൻ ബെഞ്ചും സുപ്രീം കോടതിക്ക് പ്രതികൂലമായാണ് വിധിച്ചത്. എന്നിട്ടും വർഷങ്ങളായി ഇതിന്റെ മേലുള്ള അപ്പീൽ സുപ്രീം കോടതിയിൽ തന്നെ (അന്ത്യ) വിശ്രമം കൊള്ളുകയാണ്.



## ചവറ്റുകൊട്ടയിലെ വകുപ്പുകൾ

ചവറ്റുകെട്ടയിൽ എറിയപ്പെട്ട മറ്റൊന്ന് 4(ബി) വകുപ്പാണ്. നിയമം പ്രാബല്യത്തിൽ വന്ന 2005 ജൂൺ 15 മുതൽ 120 ദിവസങ്ങൾക്കുള്ളിൽ എല്ലാ പൊതു അധികാരികളും സ്വയം വെളി പ്പെടുത്തേ ചില വിവരങ്ങളുടെ പട്ടികയാണ് ഇത്. ആ ഓഫീസിൽ എത്ര പേർ പ്രവർത്തി ക്കുന്നു, ആരെല്ലാം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത്, അവർ കൈകാര്യം ചെയ്യുന്ന ഫയലുകളേതെല്ലാമാണ്, ഓരോ തീരുമാനങ്ങളും എടുക്കുന്ന രീതി, സമയപരിധി, പ്രവർത്തിക്കുന്നവരുടെ ശമ്പളം തുടങ്ങിയ വളരെ വ്യക്തമായ ദൈനംദിന പ്രവൃത്തികളുടെ ഹ്രസ്വ വിവരണം. പക്ഷെ വിവരാവകാശ കമ്മീഷൻ പോലും ഈ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല ഇത് ഗൗരവമേറിയ കുറ്റം തന്നെയാണ്.

അസിസ്റ്റൻറ് പബ്ലിക് ഇൻഫാർമേഷൻ ഓഫീസറെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട 5(2) വകുപ്പാണ് അടുത്തത്. ഇതിൽ പറയുന്നത് ഇങ്ങനെ: ഈ നിയമം വന്ന് നൂറു ദിവസങ്ങൾക്കുള്ളിൽ എല്ലാ പൊതു അധികാരികളും ഉപജില്ലാ തലത്തിലും ഉപ വിഭാഗതലത്തിലും ഒരു ഉദ്യോഗസ്ഥനെ കേന്ദ്ര അസിസ്റ്റൻറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായോ, സംസ്ഥാന അസിസ്റ്റൻറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായോ നിയോഗിക്കും. വിവരങ്ങൾ ലഭ്യമാക്കാനുള്ള അപേക്ഷകൾ സീകരിക്കുന്നതിനും അവസ്ഥയനുസരിച്ച് അവ ഉടൻ കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ, സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ അല്ലെങ്കിൽ 19 ാം വകുപ്പിന്റെ 1 ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള മുതിർന്ന ഉദ്യോഗസ്ഥനോ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ അയക്കുന്നതാണ്.

നോക്കൂ, നിയമം എത്ര വ്യക്തം. എന്നിട്ടും സംസ്ഥാന ചീഫ് സെക്രട്ടറിയായി വിരമിച്ച പാലാട്ട് മോഹൻദാസ് സംസ്ഥാനത്തെ ആദ്യ മുഖ്യവിവരാവകാശ കമ്മീഷണറായ സമയത്ത് ഒരു ആർ.ഡി.ഒക്ക് നിർദ്ദേശം നൽകിയത് ഇപ്രകാരം നൽകുന്ന അപേക്ഷ സ്വീകരിക്കേണ്ട എന്നാണ്. അപേക്ഷകൾ നേരിട്ട് ബന്ധപ്പെട്ട പൊതു അധികാരികൾക്ക് അയക്കാൻ പറയണമെന്നും അദ്ദേഹം പറഞ്ഞു.

## അട്ടിമറി വരുന്ന വഴി

നിയമം നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ട വർതന്നെ അട്ടിമറിച്ച മറ്റൊരു വകുപ്പാണ് 6(3). ഈ വകുപ്പ് പ്രകാരം ഒരു പൊതു അധികാരിക്ക് ലഭിക്കുന്ന അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ മൊത്തമായോ ഭാഗികമായോ മറ്റൊരു പൊതു അധികാരിയുടെ കയ്യിലാണ് ലഭ്യമെങ്കിൽ ചെയ്യേത് ഒരു കാര്യമാണ്. അപേക്ഷ സീകരിച്ച പൊതു അധികാരിയുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആ അപേക്ഷയുടെ പകർപ്പ്, എവിടെയാണോ വിവരം ലഭ്യമാകുന്നത് ആ പൊതു അധികാരികളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് അഞ്ചുദിവസങ്ങൾക്കകം അയച്ചു കൊടുക്കു. ഇക്കാര്യം അപേക്ഷകനെ അറിയിക്കുകയും വേണം.

ഈ നിയമം അട്ടിമറിച്ചത് നിയമം നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ട കേന്ദ്ര സർക്കാറിന്റെ തന്നെവകുപ്പാണ്ഫഡിപ്പാർട്ട്മെൻറ്റ് ഓഫ് പേഴ്സണൽ ആൻഡ് ട്രെയിനിംഗ് (ഡി.ഒ.പി.ടി). ഇപ്രകാരം അപേക്ഷകൾ കൈമാറേ ആവശ്യമില്ലെന്നും വിവരം ഏത് പൊതു അധികാരിയിൽ നിന്ന് ലഭ്യമാകുമെന്ന് അറിയുമെങ്കിൽ ആ വിവരം അപേക്ഷകനെ അറിയിച്ചാൽ മതി എന്നുമാണ് 2010 ഒക്ടോബറിൽ ഒരു ഓഫീസ് മെമോറാൻഡത്തിലൂടെ ഈ വകുപ്പ് നിർദ്ദേശിച്ചത്. കേന്ദ്ര വിവരാവകാശ കമ്മീഷനുമായി ചർച്ച ചെയ്ത ശേഷം എടുത്ത തീരുമാനമാണ് ഇതെന്നും മെമോയിലു്. തുടർന്ന്, വിവരാവകാശ നിയമപ്രകാരം ഈ ചർച്ചയെക്കുറിച്ച് ആരാഞ്ഞപ്പോൾ അത്തരം ഒരു വിവരവും ലഭ്യമല്ല എന്നാണ് മറുപടി ലഭിച്ചത്. ഇതേ വിഷയം ഞഛഇജജ ഒക്ടോബറിൽ കേന്ദ്ര വിവരാവകാശ കമ്മീഷൻ ഡൽഹിയിൽ സംഘടിപ്പിച്ച വിവരാവകാശ കൺവെൻഷനിൽ ഉയർത്തിയപ്പോൾ കേന്ദ്ര വിവരാവകാശ കമ്മീഷനിലെ കമ്മീഷണർ നൽകിയ മറുപടി വിചിത്രമായിരുന്നുഫഇത്തരം ഓഫീസ് മെമൊറാൻണ്ടങ്ങൾ ഞങ്ങൾക്ക് ബാധകമല്ല. നിയമവും നിയമപ്രകാരമുള്ള റൂൾസും മാത്രമെ ഞങ്ങൾ നോക്കുകയുള്ളൂഫഈ ഓഫീസ് മെമ്മൊറാണ്ടം ഉദ്ധരിച്ച് അപേക്ഷകൾ മടക്കിയാൽ ചെയ്യേത് കൊല്ലങ്ങൾ കഴിഞ്ഞ് കിട്ടുന്ന വിവരാവകാശ കമ്മീഷണർമാരുടെ ഉത്തരവിനായി കാത്തിരിക്കുക എന്നർത്ഥം.

ഇതേ ഡി.ഒ.പി.ടി ഉദ്യോഗസ്ഥരാണ് ഈ നിയമപ്രകാരം ആവശ്യപ്പെടുന്ന ഫയൽ നോട്ടിംഗ്സിന്റെ പകർപ്പുകൾ നൽകേന്നും വിവരാവകാശ കമ്മീഷനിലെ എല്ലാ കമ്മീഷണർമാരും ഒരു ബെഞ്ചായിരുന്ന് എല്ലാ അപ്പീലുകളിലും തീരുമാനങ്ങൾ എടുക്കണന്നും നിർദ്ദേശങ്ങൾ നൽകിയതും.

പൂർണ്ണമായും അട്ടിമറിക്കപ്പെട്ട മറ്റൊരു വകുപ്പാണ് പിഴ വിധി ഉൾക്കൊള്ളുന്ന 20 ാം വകുപ്പ്. നൽകേണ്ട വിവരം ഉണ്ടായിട്ടും സമയ പരിധിക്കുള്ളിൽ നൽകിയില്ലെങ്കിൽ വൈകിച്ച ഓരൊ ദിവസത്തിനും 250 രൂപ വെച്ച് ഏറ്റവും കൂടിയത് 25000 രൂപ വരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പിഴ ചുമത്തേത് നിർബന്ധമാണ്. പക്ഷെ വിവരം നൽകാൻ ഉത്തരവിടുമ്പോഴും പിഴചുമത്താതിരിക്കുകയാണ്. ഇത് നിയമത്തെ അട്ടിമറിക്കുക മാത്രമല്ല അഴിമതിക്ക് കളമൊരുക്കുക കൂടിയാണ്. കാരണം 25000 രൂപ പിഴ ഒടുക്കേ ഉദ്യോഗസ്ഥനിൽ നിന്ന് ആ തുക മുഴു

വനുമോ ഭാഗികമായോ കൈക്കൂലി ആയി വാങ്ങാനുള്ള അവസരമാണ് ഇതു വഴി വിവരാവകാശ കമ്മീഷണർമാർക്ക് ലഭിക്കുന്നത്.

## അനുഷ്ഠാന ഹിയറിംഗ്

വിവരാവകാശ കമ്മീഷനിൽ സമർപ്പിക്കുന്ന രണ്ടാം അപ്പീലുകൾക്ക് ഒരു നമ്പർ നൽകി ഫയൽ ചെയ്യുകയാണ് ചെയ്യുന്നത്. പക്ഷെ ആ നമ്പർ അപ്പീൽ നൽകുന്ന വ്യക്തിയെ അറിയിക്കാറില്ല. പിന്നീട് വർഷങ്ങൾ കഴിഞ്ഞാണ് ഹിയറിംഗിന് വിളിക്കുക. അതിലപ്പോൾ കമ്മീഷന്റെ ഫയൽ നമ്പർ മാത്രമെ ഉാവു. (ഇപ്പോൾ കേരളത്തിൽ 2010ൽ ഫയൽ ചെയ്ത അപ്പീലുകളാണ് ഹിയറിംഗിനായി എടുത്തുകൊിരിക്കുന്നത്.) ഈ കാലത്തിനിടക്ക് ഒന്നിൽ കൂടുതൽ അപ്പീലുകൾ നൽകിയ വ്യക്തി ഹിയറിംഗിന് ഹാജരാകേണ്ട അപ്പീൽ ഏതെന്ന് മനസിലാക്കാൻ കുറച്ച് പാടുപെടും. പക്ഷെ ഇവിടെ ശ്രദ്ധേയമായ കാര്യം, പൊതു അധികാരികൾക്ക് ഹിയറിംഗിന് അയക്കുന്ന നോട്ടീസുകളിൽ, രേഖകളെല്ലാം കൃത്യമായി തിരിച്ചറിയാവുന്ന വിധം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുാവും എന്നതാണ്.

ഇനി ഹിയറിംഗിന്റെ കാര്യമെടുക്കുക. അപേക്ഷ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി, ഒന്നാം അപ്പീൽ, ഒന്നാം അപ്പല്ലെറ്റ് അധികാരിയുടെ മറുപടി എന്നിവയുടെയെല്ലാം പകർപ്പുകൾ രണ്ടാം അപ്പീലിനോടുകൂടി അപ്പലന്റ് സമർപ്പിക്കുമ്പോൾ വിവരാവകാശ കമ്മീഷണർമാർക്ക് നേരത്തെ സൂചിപ്പിച്ച നടപടക്രമങ്ങൾ അഞ്ചു മിനിറ്റിൽ തീർക്കാവുന്നതേയുള്ളു. ഇതിന്ന് അപ്പല്ലൻറിന്റെ സാന്നിദ്ധ്യം ആവശ്യമില്ല. ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്നതിന്ന് വ്യക്തമായ കാരണങ്ങൾ ബോധിപ്പിക്കാനുള്ള ബാദ്ധ്യത പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണെന്ന് നിയമത്തിൽ എടുത്തുപറഞ്ഞിട്ടുമുണ്ട്.

## വാദി പ്രതിയാവുമ്പോൾ

എന്നാൽ, കോടതികളെപ്പോലെ കക്ഷികളെ വിളിച്ച് ഹാജർ മാർക്ക് ചെയ്ത് കേസ് മാറ്റിമാറ്റി വെച്ച് കക്ഷികളെ ശിക്ഷിക്കുന്ന സമീപനമാണ് കമ്മീഷണർമാർ സ്വീകരിക്കുന്നത്. അപ്പീലുകൾ തീർപ്പാക്കുന്നതിന്റെ തോത് നോക്കിയാൽ മനസ്സിലാവുന്ന ഒരു കാര്യം കേരളത്തിലെ ഒരു വിവരാവകാശ കമ്മീഷണർമാരും ദിവസത്തിൽ ഒരു കേസ് പോലും തീർപ്പാക്കുന്നില്ലെന്നതാണ്.

ഉത്തരവുകളിലെ നെറികേടുകളുടെ തോത് വ്യക്തമാക്കുന്ന രണ്ട് ഉദാഹരണങ്ങൾ കൂടി വിവരിക്കാം. ഒരു മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചയുടെ മിനുറ്റ്സിന്റെ കോപ്പി ആവശ്യപ്പെട്ടപ്പോൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി അത് ലഭ്യമല്ലെന്നായിരുന്നു. ഈ വാദം അംഗീകരിക്കാൻ വിവരാവകാശ കമ്മീഷണർമാർ ആവശ്യപ്പെട്ടത് ഒരു അഫിഡവിറ്റാണ്.

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിനയച്ച ഒരു പരാതിയിൽ എന്തു തുടർനടപടികളെടുത്തു എന്ന വിവരം ആരാഞ്ഞപ്പോൾ കിട്ടിയ മറുപടി ഇപ്രകാരമായിരുന്നു: ഇത് മുൻ മന്ത്രിസഭയുടെ കാലത്ത് സമർപ്പിച്ച പരാതിയാതിനാലും മന്ത്രി സഭ മാറുമ്പോൾ മന്ത്രിയുടെ ഓഫീസിലെ അപേക്ഷകളും മറ്റു രേഖകളും ഒന്നും കൈമാറുന്ന പതിവ് സെക്രട്ടേറിയേറ്റിൽ ഇല്ലാത്തതിനാലും ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല

ഒരു കാര്യം ഉറപ്പാണ്. നികുതിദായകന് അനാവശ്യ ബാദ്ധ്യത വരുത്തിവെച്ച്, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും ഒന്നാം അപ്പല്ലെറ്റ് അധികാരികൾക്കും ടിഎ, ഡിഎ ഇനത്തിൽ തുക നൽകാൻ മാത്രമെ ഈ ഹിയറിംഗുകൾ ഉപകരിക്കൂ. ജഡ്ജിമാർ പോലും ഹിയറിംഗ് നടത്തുന്നത് തുറന്ന കോടതിയിലാണെങ്കിൽ സുതാര്യതക്കുള്ള നിയമവുമായി ബന്ധപ്പെട്ട ഹിയറിംഗ് വിവരാവകാശ കമ്മീഷണർമാർ നടത്തുന്നത് തീരെ സ്വകാര്യമായാണ്. ഇത് അഴിമതിയുടെ വാദം ഉറപ്പിക്കാൻ സഹായകമാണ്.

## സുപ്രീം കോടതി പറയുന്നത്

ഈയിടെ വന്ന സുപ്രീം കോടതിയുടെ തീരുമാനവും ഈ അവസരത്തിൽ വിലയിരുത്തേതുണ്ട്. ഇൻഫർമേഷൻ കമ്മീഷനുകളുടെ തലപ്പത്ത് റിട്ടയർ ചെയ്ത ഹൈക്കോടതി ചീഫ് ജസ്റ്റിസോ സുപ്രീംകോടതി ജഡ്ജോ ആയിരിക്കണമെന്നും ഓരോ അപ്പീലും രണ്ട് കമ്മീഷണർമാർ അടങ്ങുന്ന ബെഞ്ച് പരിഗണിക്കണമെന്നും ഇതിൽ ഒരു കമ്മീഷണർ നിയമപരിജ്ഞാനമുള്ള വ്യക്തി ആയിരിക്കണമെന്നും 210/2012 എന്ന റിറ്റ് പെറ്റീഷ നിൽ 2012 സെപ്റ്റംബർ 13 ാം തിയ്യതിയിലെ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. അങ്ങിനെ വരുമ്പോൾ മുഖ്യവിവരാവകാശ കമ്മീഷണറടക്കം 11 കമ്മീഷണർമാരെ ഒരു വിവരാവകാശ കമ്മീഷനിൽ നിയമിക്കാവൂ എന്നിരിക്കെ ഇത് തീർപ്പാക്കുന്ന അപ്പീലുകളുടെ എണ്ണത്തെ വിപരീതമായി ബാധിക്കുകയും ഓരോ അപ്പീലും തീർപ്പാക്കാനുള്ള ചിലവ് വർദ്ധിപ്പിക്കുകയും ചെയ്യും. ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും വിരമിക്കുന്ന ജഡ്ജിമാർ ഇന്നയിന്ന കാര്യങ്ങളേ ചെയ്യാൻ പാടുള്ളു എന്ന് ഭരണഘടനയുടെ 124(7), 220 അനുഛേദങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഹൈക്കോടതിയിൽ നിന്ന് വിരമിക്കുന്ന ജഡ്ജിമാർക്ക് സുപ്രീംകോടതിയിലോ മറ്റു ഹൈക്കോടതികളിലോ അഭിഭാഷകനായി പ്രവർത്തിക്കാം. എന്നാൽ സുപ്രീം കോടതിയിൽ നിന്ന് വിരമിക്കുന്ന ജഡ്ജിക്ക് അതും ചെയ്യാൻ കഴിയില്ല. അതായത്, അർദ്ധ ജുഡീഷ്യൽ സ്ഥാപനങ്ങളിൽ മേനികൊഴുപ്പിച്ചിരിക്കുന്ന ഇത്തരം ജഡ്ജിമാരുടെ നിയമനം തന്നെ ഭരണഘടനാ വിരുദ്ധമാണ്.

കാര്യങ്ങൾ ഇങ്ങനെയെങ്കിലും പൊതു അധികാരി എന്ന് പരാമർശിച്ചിട്ടുള്ള പൊതുസേവകർ (public servants) കൂടുതലും ജന-രാജ്യ ദ്രോഹമാണ് ചെയ്യുന്നത് എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം തെളിയിക്കാൻ കുറഞ്ഞ കാലയളവുകൊണ്ട് ഈ കൊച്ചു നിയമത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത് തന്നെയാണ് ഈ നിയമത്തിന്റെ ഏറ്റവും വലിയ നേട്ടം. ഇവരെ യഥാർത്ഥ പൊതുസേവകരായി എങ്ങനെ മാറ്റാം എതിനായി പ്രവർത്തിക്കേണ്ടത് ജനങ്ങളുടെ മാത്രം ബാദ്ധ്യതയാണ്.

books
magazines
periodicals
BYWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577